Draft #2 of File 2/ Exam Document Digitization/2021 Approved by ASSISTANT REGISTRAR XX (EXAM) on 01-Oct-2021 04:05 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ - ഡേറ്റാ വാലിഡേഷൻ (Authentication) - നടപടിക്രമം - അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

EXAM DOCUMENT DIGITALISATION SECTION

നമ്പർ. 5164/EDDS/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 04.10.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ 711/പി & ഡി 1 /2021/എം ജി യു . തീയതി 02/02/2021

2. 24/04/2021 ൽ കൂടിയ ഡിജിറ്റൈസേഷൻ പദ്ധതിയുടെ ടെക്നിക്കൽ കമ്മറ്റി യോഗത്തിന്റെ മിനിട്ട്സ്.

3. 03-07-2021 തീയതിയിലെ No.2/Exam Document Digitization കത്ത്

4. 16/08/2021 തീയതിയിലെ ULCCS ഡെപ്യൂട്ടി മാനേജറുടെ ഇ-മെയിൽ സന്ദേശം

**ഉത്തരവ്**

പരാമർശം (1) പ്രകാരം 31/12/2020 ന് കൂടിയ സിൻഡിക്കേറ്റ് യോഗം പരീക്ഷകളുമായി ബന്ധപ്പെട്ട ടാബുലേഷൻ രജിസ്റ്ററുകളുടെയും മറ്റ് രേഖകളുടെയും ഡിജിറ്റൽ പകർപ്പുകൾക്ക് നിയമ സാധുത നൽകുവാനും, ടി ഡിജിറ്റൽ പകർപ്പിനെ 2021 ഏപ്രിൽ 1 മുതൽ ആധികാരിക രേഖയാക്കി കണക്കാക്കുവാനുള്ള ഗസ്റ്റ് വിജ്ഞാപനം ഇറക്കുവാനും, എന്തെങ്കിലും താമസം ഈക്കാര്യത്തിൽ ഉണ്ടായാൽ, പ്രാബല്യ തീയതി നിശ്ചയിക്കുവാൻ ബഹു. വൈസ് ചാൻസിലറെ ചുമതലപ്പെടുത്തുവാനും പഴക്കം ചെന്ന രേഖകൾക്ക് രാസ സംരക്ഷണം നൽകി സൂക്ഷിക്കുവാനും തീരുമാനിച്ചു.

പരാമർശം (2) പ്രകാരം 20/04/2021 ൽ കൂടിയ പരീക്ഷാ രേഖകളുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മറ്റി, ഡേറ്റാ വാലിഡേഷന്റെ നടപടികൾ ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശുപാർശകൾ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു .

ഡേറ്റാ വെരിഫിക്കേഷൻ പൂർത്തിയായ ശേഷം സെക്ഷൻ ഓഫീസർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർ അവരവരുടെ ചുമതലയിലുള്ള സെക്ഷനുകളിലെ ഒൺലൈൻ പോർട്ടലിൽ ലഭ്യമല്ലാത്ത എല്ലാ ടാബുലേഷൻ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ടെന്ന് പൂർത്തീകരണ സാക്ഷ്യപത്രം ( Completion Certificate ) നൽകുക. ടി പൂർത്തീകരണ സാക്ഷ്യപത്രം ഒരോ മോഡ്യൂളിന്റെയും ആമുഖമായി ചേർത്ത് പരീക്ഷാ കൺട്രോളറുടെ ഡിജിറ്റൽ ഒപ്പ് എല്ലാ വാല്യങ്ങളിലും ചേർത്ത് ഡേറ്റാ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹിക്കുന്ന Uralungal Labour Contract Co - operative Society (ULCCS) ടെക്നിക്കൽ ടീമുമായി ചർച്ച ചെയ്ത് വിശദമായ ഫയൽ സമർപ്പിക്കുക.

പരാമർശം (3) പ്രകാരം ഡിജിറ്റൽ വാള്യങ്ങളിൽ പരീക്ഷാ കോൺട്രോളറുടെ ഡിജിറ്റൽ ഒപ്പ് പതിപ്പിക്കുന്നതിനുള്ള നടപടി ക്രമം റിപ്പോർട്ട് ചെയ്യുവാൻ ULCCS അധികാരികളോട് ആവശ്യപ്പെട്ടിരുന്നു. പരാമർശം (4) പ്രകാരം ,ULCCS മായി സർവകലാശാല ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ പരിധിക്കുള്ളിൽ നിന്നു കൊണ്ട്, അവരുടെ ഒരു ടെക്നിഷ്യന്റെ സേവനം വിട്ടു നൽകി, ടി പ്രവൃത്തി പൂർത്തീകരിച്ച് നൽകാമെന്ന് ULCCS ന്റെ ഡെപ്യൂട്ടി മാനേജർ ഉറപ്പ് നൽകിയിരുന്നു.

ടി വിഷയം പരിഗണിച്ച ബഹു. വൈസ് ചാൻസിലർ ഡേറ്റാ വെരിഫിക്കേഷൻ പൂർത്തിയായതിനു ശേഷം സെക്ഷൻ ഓഫീസർമാർ നൽകുന്ന സാക്ഷ്യപത്രത്തന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർ അവരവരുടെ ചുമതലയിലുള്ള എല്ലാ സെക്ഷനുകളിലേയും ഒൺലൈൻ പോർട്ടലിൽ ലഭ്യമല്ലാത്ത എല്ലാ ടാബുലേഷൻ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ടെന്ന് പൂർത്തീകരണ സാക്ഷ്യപത്രം (Completion Certificate) സമർപ്പിക്കുന്നതിനും, ടി സാക്ഷ്യപത്രം ഒരോ മോഡ്യൂളിന്റെയും ആമുഖമായി ചേർത്തു കൊണ്ട് ഡിജിറ്റൽ വാല്യങ്ങളിൽ ULCCS ന്റെ സാങ്കേതിക സഹായത്തോടെ പരീക്ഷാ കൺട്രോളറുടെ ഡിജിറ്റൽ ഒപ്പ് പതിപ്പിച്ച് ഡേറ്റാ വാലിഡേറ്റ് ( Authentication ) ചെയ്യുന്നതിനും ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

അജിത് കുമാർ വി

അസിസ്റ്റന്റ് രജിസ്ട്രാർ 20 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. സി. ഇ. സെക്ഷൻ
4. ജോയിന്റ് രജിസ്ട്രാർ (1) ഭരണവിഭാഗം & കോ- ഓർഡിനേറ്റർ
4. എ ആർ / ഡി ആർ / ജെ ആർ (പരീക്ഷാ വിഭാഗം)
5. പരീക്ഷാ വിഭാഗത്തിലെ എല്ലാ സെക്ഷനുകളിലേയ്ക്കും
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 2/ Exam Document Digitization/2021 Approved by ASSISTANT REGISTRAR XX (EXAM) on 01-Oct-2021 04:05 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം